കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

പ്രവചന കാലയളവ് 09.07.2025 മുതൽ 13.07.2025 വരെ

വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ
കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും
ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

| എ എ എസ് ബുള്ളറ്റിൻ നമ്പർ 27/2025 (54) ചൊവ്വാഴ്ച | തീയ്യതി 08/07/2025 |
|---|---|

## 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 09.07.2025 | 10.07.2025 | 11.07.2025 | 12.07.2025 | 13.07.2025 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 10 | 7 | 8 | 7 | 10 |
| ഉയർന്ന താപനില (°C) | 30 | 30 | 30 | 30 | 30 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 85 | 85 | 85 | 85 | 85 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 4 | 3 | 3 | 4 | 5 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 340 | 340 | 340 | 340 | 340 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 7 | 8 | 8 | 8 |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ നേരിയ തോതിൽ മഴയ്ക്കും, ഒറ്റപ്പെട്ട സ്ഥലങ്ങളിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്കും സാധ്യത. 2025 ജൂലൈ 08 മുതൽ 10 വരെ കേരളത്തിൽ ഇടയ്ക്കിടെ ശക്തമായ കാറ്റ് വീശാൻ സാധ്യതയുണ്ട്. ശരാശരിയേക്കാൾ കൂടുതൽ മഴ ലഭിക്കാൻ സാധ്യത.

## 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (RRS Vyttila)

പൊതുനിർദേശങ്ങൾ:-. കാലവർഷ സമയത്ത് കാർഷികവിളകൾക്ക് പ്രത്യേക വിളപരിപാലനം നടത്തേണ്ടതാണ്. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ചാസൗകര്യങ്ങൾ ഉറപ്പുവരുത്തുക. മഴയില്ലാത്ത സമയത്ത്മാത്രം കീടനാശിനി പ്രയോഗം നടത്തുക. വാഴകൾക്ക് താങ്ങുകാലുകൾ നൽകുക. പച്ചക്കറി പന്തലുകൾ കൂടുതൽ ബലപ്പെടുത്തുക. കർഷകർക്കും, കന്നുകാലികൾക്കും ഇടിമിന്നൽ ഏൽക്കാതിരിക്കാൻ തുറസ്സായ സ്ഥലങ്ങളിൽ നിൽക്കാതിരിക്കുക.

| വിളകൾ | രോഗ-കീടങ്ങൾ, വിള പരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് | ഓല ചുരുട്ടി പുഴ | അന്തരീക്ഷത്തിലെ ആർദ്രത കൂടിയ സാഹചര്യമായതിനാൽ ഓല ചുരുട്ടി പുഴുവിൻറ്റെ ആക്രമണത്തിനു സാധ്യതയുണ്ട്. ആക്രമണത്തിന്റെ ആരംഭ ഘട്ടത്തിൽ തന്നെ ട്രൈക്കോ കാർഡുകൾ ഉപയോഗിക്കുക. ബിവേറിയ 10 ഗ്രാം ഒരു ലിറ്റർ വെള്ളത്തിലെന്ന തോതിൽ തളിക്കുക. |
| തെങ്ങ് | ഓലചീയൽ | തെങ്ങിൻറ്റെ ആരോഗ്യം മെച്ചപ്പെടുത്തുവാൻ സംയോജിത വള പ്രയോഗം ചെയ്യുക. മണ്ട വൃത്തിയാക്കുക. ഒരു ശതമാനം ബോർഡോമിശ്രിതം അല്ലെങ്കിൽ 3 ഗ്രാം/ലി. കോപ്പർ ഓക്സി ക്ലോറൈഡ് അല്ലെങ്കിൽ 3 ഗ്രാം/ലി. മംഗോസെബ് തലപ്പിലും കുമ്പോലക്ക ചുറ്റും തളിക്കുക. രോഗം ബാധിച്ച തെങ്ങുകളിൽ കാർബൻഡാസിം 50 WP @ 1 ഗ്രാം/ലി. അല്ലെങ്കിൽ ഹെക്സകോണാസോൾ 5 EC 1 മി.ലി./ലി. എന്ന തോതിൽ കുമ്പിലും ഇലകളിലും തളിക്കുകയും അകത്തെ ഇലക്കവിളുകളിൽ ഒഴിച്ച് കൊടുക്കുകയും ചെയ്യുക. |
| ഇഞ്ചി / മഞ്ഞൾ | മൃദുചീയൽ, ഇലപ്പുള്ളിരോഗം | പ്രതിരോധ നടപടിയെന്നോണം സ്യൂഡോമോണസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിനെന്ന തോതിൽ തളിക്കുകയും, ചുവട്ടിലൊഴിക്കുകയും ചെയ്യുക |

മൃഗസംരക്ഷണം-: കാലിത്തീറ്റ വെയിലത്ത് ഉണക്കേണ്ടതാണ്. കാലിത്തീറ്റയിൽ പൂപ്പൽ പടരാതിരിക്കാൻ ശ്രദ്ധിക്കണം. കുളമ്പ് രോഗത്തിന്റെ പ്രതിരോധ കുത്തിവെയ്പ് എടുക്കുക. കുളമ്പുരോഗം, കുളമ്പിനുണ്ടാകുന്ന ക്ഷതങ്ങൾ എന്നിവ ഒഴിവാക്കുന്നതിനായി വെള്ളക്കെട്ടുകളിൽ മേയാൻ വിടാതിരിക്കുക. (CAADECCS, KVASU, Mannuthy).